കുന്നത്തുനാട് വളം ഡിപ്പോ.

38. MR. T. T. KESAVAN SASTRI : കുന്നത്തുനാട് താലൂക്കിൽ ചേന്ന പെരുമ്പാവൂരിലും ആലുവായിലും ഇപ്പോഴുള്ള വളം ഡിപ്പോകളിൽ നിന്നും ഇടയ്ക്കുള്ള പെരിയാർനദി തരണം ചെയ്യുന്നതിനുള്ള വൈഷമ്യവും വഴി അപകടവുംനിമിത്തം കൃഷിപ്രാധാന്യമർഹിക്കുന്ന മഞ്ഞപ്ര, കോതകുളങ്ങര, പാറക്കടവ് മുതലായ പകുതികളിലെ പൊതുജനങ്ങൾക്ക് വളം ലഭിക്കാനുള്ള പ്രയാസവും അതിലേക്ക് അങ്കമാലിയിൽ ഒരു വളം ഡിപ്പോ സ്ഥാപിച്ച് സഹായിക്കേണ്ട വിവരവും പൊതുജനങ്ങൾ ചേന്ന ഗവണ്മെൻറിന്റെ ശ്രദ്ധയിൽ വരുത്തിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ നടത്തിയെന്നും പറയാൻ മേവുണ്ടാകുമോ?

HON'BLE MR. K. M. KORAH : (എ) ഉണ്ട്.

(ബി) അതിനാവശ്യമായ നടപടികൾ കൃഷിഡയറക്ടർ എടുത്തു കൊണ്ടിരിക്കുകയാണ്.

MR. T. T. KESAVAN SASTRI : കുന്നത്തുനാട് താലൂക്കിൽ ഇപ്പോൾ ആകെ എത്ര വളംഡിപ്പോകൾ ഉണ്ടെന്നു പറയാമോ?

HON'BLE MR. K. M. KORAH : എത്രയുണ്ടെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ആവശ്യമുള്ളിടത്തെല്ലാം അനുവദിച്ചുകൊടുക്കുന്നതിന് ഗവണ്മെൻറ് ശ്രദ്ധ പതിപ്പിക്കുന്നതാണ്.

MR. P. M. VARGHESE (*Thodupuzha II—General*) : സർ, ഈ ചോദ്യത്തിൽ (ബി) കാണുന്നില്ല.

HON'BLE MR. K. M. KORAH : ചോദ്യത്തിന് രണ്ടുപാർട്ടായി ഉത്തരം പറഞ്ഞു എന്നേയുള്ളൂ.

MR. N. P. VARGHESE (*Muvattupuzha I—General*) : എല്ലാ പകുതികളിലും വളംഡിപ്പോകൾ സ്ഥാപിക്കുന്നതിന് ഗവണ്മെൻറ് ശ്രമിക്കുമോ?

HON'BLE MR. K. M. KORAH : തീർച്ചയായും ശ്രമിക്കുന്നതാണ്.

മൂക്കന്നൂർ കള്ളുഷാപ്പ്.

39. MR. T. T. KESAVAN SASTRI : കുന്നത്തുനാട്താലൂക്കിൽ ചേന്ന മൂക്കന്നൂർ കള്ളുഷാപ്പ് ഇപ്പോൾ സ്ഥിതിചെയ്യുന്നതു സ്കൂളുകളുടേയും പ്രാർത്ഥനാലയങ്ങളുടേയും സമീപത്താകയാൽ അവിടെനിന്നും മാറി

LIBRARY ARCHIVES Kerala Legislative Assembly